LIBRARY ARCHIVES Kerala Legislative Assembly

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ മേഖലാ ആഫീസുകൾ

6 (1042) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മേഖലാ ആഫീസുകൾ എതെല്ലാം ജില്ലകളിലാണുള്ളതെന്ന് വിശദമാക്കാമോ ;

(ബി) കണ്ണൂർ മേഖലാ ഓഫീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത ഓഫീസ് എന്ന് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.

(ബി) കണ്ണൂരിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുകയും കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ സഹായത്തോടെ വെബ് അടിസ്ഥാനമാക്കിയുള്ള സംയോജിത ഇ-ഗവേണൻസ് പദ്ധതിയിലൂടെ പരിഹാരമുണ്ടാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. ആയതിനാൽ കണ്ണൂരിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

നിയോജകമണ്ഡലങ്ങളിലെ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജ്

7 (1043) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എതെല്ലാം അസംബ്ലി നിയോജക മണ്ഡലങ്ങളിൽ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് പറയാമോ ;

(ബി) നിയോജകമണ്ഡലങ്ങളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സർക്കാർ/എയ്ഡഡ് കോളേജുകളില്ലാത്ത താഴെപ്പറയുന്ന 22 നിയോജക മണ്ഡലങ്ങളിൽ താഴെപ്പറയുന്ന 18 നിയോജകമണ്ഡലങ്ങളിൽ പുതിയ സർക്കാർ/ എയ്ഡഡ് കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

- ഉദുമ
- പയ്യന്നൂർ
- നാദാപുരം
- ബാലുശ്ശേരി
- കുന്ദമംഗലം
- കൊടുവള്ളി
- മങ്കട
- വേങ്ങര (എയ്ഡഡ് കോളേജ്)
- തവനൂർ
- തൃത്താല
- കോങ്ങോട്
- ചേലക്കര
- ഒല്ലൂർ
- കാട്ടാക്കട
- നെയ്യാറ്റിൻകര
- താനൂർ
- കൊണ്ടോട്ടി
- തലശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൂടാതെ സർക്കാർ കോളേജില്ലാത്ത ഏക ജില്ല എന്ന നിലയ്ക്ക് പത്തനംതിട്ടയിലും പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ച് അട്ടപ്പാടിയിലും ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച പ്രകാരം മലപ്പുറത്തും യഥാക്രമം രണ്ട് സർക്കാർ കോളേജുകളും ഒരു സർക്കാർ വനിതാ കോളേജും അനുവദിച്ചിട്ടുണ്ട്.

താനൂർ ഗവൺമെന്റ് കോളേജിലെ അദ്ധ്യാപകേതര ജീവനക്കാർ

8 (1044) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ സി.എച്ച്. മുഹമ്മദ്കോയ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അദ്ധ്യാപകേതര തസ്തികകൾ ഏതൊക്കെ എന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) ഇവരിൽ സ്ഥിരനിയമനം ലഭിച്ചവർ എത്രപേരുണ്ടെന്ന് അറിയിക്കുമോ ;

(സി) മുഴുവൻ അദ്ധ്യാപകേതര തസ്തികയിലും സ്ഥിരനിയമനങ്ങൾ നടത്താനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) നിയമന നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) താനൂർ സി.എച്ച്. മുഹമ്മദ്കോയ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ ഒന്നും ഇതുവരെ സൃഷ്ടിച്ചിട്ടില്ല. കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ ഓഫീസറെ സഹായിക്കുന്നതിനായി പെരിന്തൽമണ്ണ പി.ടി.എം. ഗവൺമെന്റ് കോളേജിലെ സീനിയർ ക്ലാർക്കിനെ സേവന ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ബി) സ്ഥിരനിയമനം ലഭിച്ചവർ ഇല്ല.

(സി) താനൂർ ഗവൺമെന്റ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നുവെങ്കിലും ധനവകുപ്പ് 19-9-2014-ൽ പുറപ്പെടുവിച്ച ജി.ഒ. (പി) നമ്പർ 400/14/ധന ഉത്തരവ് പ്രകാരം 31-3-2015 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കണ്ട എന്ന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഏപ്രിൽ 2015 വരെ മാറ്റി വയ്ക്കണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly